**മധുരമായ കുട്ടികളേ - മർജീവയായി എങ്കിൽ സർവ്വതും മറക്കൂ, ഒരു ബാബ എന്താണോ കേൾപ്പിക്കുന്നത് അതു മാത്രം കേൾക്കൂ, ബാബയെ ഓർമ്മിക്കൂ, ബാബയോടൊപ്പമേ ഇരിക്കൂ.**

**ചോദ്യം** - സദ്ഗതി ദാതാവായ ബാബ കുട്ടികളുടെ സദ്ഗതിയ്ക്കായി ഏതൊരു പഠിപ്പാണ് നൽകുന്നത്?
**ഉത്തരം** - ബാബ പറയുന്നു - കുട്ടികളേ, സദ്ഗതിയിലേക്ക് പോകുന്നതിനു വേണ്ടി അശരീരിയായി അച്ഛനെയും ചക്രത്തെയും ഓർമ്മിക്കണം. യോഗത്തിലൂടെ നിങ്ങൾ സദാ ആരോഗ്യശാലിയും നിരോഗിയുമായിത്തീരുന്നു. പിന്നീട് നിങ്ങൾക്ക് ഒരു കർമ്മവും വീട്ടേണ്ടി വരില്ല.

**ചോദ്യം** - സ്വർഗ്ഗത്തിന്റെ സുഖം ഭാഗ്യത്തിലില്ലാത്തവരുടെ അടയാളമെന്തായിരിക്കും?
**ഉത്തരം** - അവരോട് ജ്ഞാനം കേൾക്കാനായി പറയുകയാണെങ്കിൽ പറയും ഞങ്ങൾക്ക് സമയമേയില്ല. അവരൊരിക്കലും ബ്രാഹ്മണകുലത്തിലെ അംഗമാകുകയില്ല. ഭഗവാൻ എപ്പോഴെങ്കിലും ഏതെങ്കിലും രൂപത്തിൽ വരുമെന്നുള്ളതും അവർ അറിയുകയേയില്ല.

**ഗീതം** - അങ്ങയുടെ വിളി കേൾക്കുവാൻ ആഗ്രഹിക്കുന്നു......

**ഓംശാന്തി**. ഭഗവാനിരുന്ന് ഭക്തർക്ക് മനസ്സിലാക്കി തരുന്നു. ഭക്തരെല്ലാവരും ഭഗവാന്റെ കുട്ടികളാണ്. ഒരു ജന്മം അച്ഛന്റെ കൂടെയും വസിച്ചു നോക്കുവാനായി കുട്ടികൾ ആഗ്രഹിക്കുകയാണ്. ദേവതകളോടൊപ്പവും വളരെയേറെ ജന്മങ്ങൾ വസിച്ചു. ആസുരീയ സമ്പ്രദായത്തിലുള്ളവരോടൊപ്പവും വളരെ ജന്മങ്ങൾ കഴിഞ്ഞു. ഇപ്പോൾ ഭക്തരുടെ ഹൃദയത്തിലുള്ളത് - ഒരു ജന്മമെങ്കിലും ഭഗവാന്റേതായി ഭഗവാനോടൊപ്പം വസിക്കണമെന്നാണ്. ഇപ്പോൾ നിങ്ങൾ ഭഗവാന്റേതായി, മർജീവയായി എങ്കിൽ ഭഗവാനോടൊപ്പം വസിക്കുന്നു. ഈ അമൂല്യമായ അന്തിമ ജന്മം നിങ്ങൾ പരമപിതാ പരമാത്മാവിനോടൊപ്പമാണ് വസിക്കുന്നത്. മഹിമയുമുണ്ട് നിന്നോടൊപ്പമേ കഴിക്കൂ, നിന്നോടൊപ്പമേ ഇരിക്കൂ, നിന്നിൽ നിന്നേ കേൾക്കൂ. ആര് മർജീവയായോ അവർ ഈ ജന്മം കൂടെ വസിക്കുന്നു. ഈയൊരു ജന്മം മാത്രമാണ് ഏറ്റവും ഉയർന്നതിലും ഉയർന്നത്. ബാബയും ഈയൊരു തവണയാണ് വരുന്നത്, പിന്നീടൊരിക്കലും വരാൻ സാധിക്കില്ല. ഒരേയൊരു തവണ വന്ന് കുട്ടികളുടെ സർവ്വ മനോകാമനകളും പൂർത്തീകരിക്കുന്നു. ഭക്തിമാർഗ്ഗത്തിൽ ധാരാളം യാചിക്കുന്നുണ്ട്. സാധു-സന്യാസിമാരിൽ നിന്നും മഹാത്മാക്കളിൽ നിന്നുമെല്ലാം അരക്കല്പത്തോളമായി യാചിച്ചുകൊണ്ടിരുന്നു, കൂടാതെ ജപം, തപം, ദാനം-പുണ്യ കർമ്മങ്ങളെല്ലാം തന്നെ ജന്മ-ജന്മങ്ങളായി ചെയ്തു വന്നു. എത്ര ശാസ്ത്രങ്ങളാണ് പഠിച്ചത്, അനേകാനേക ശാസ്ത്രങ്ങളും മാഗസിനുകളും ഉണ്ടാക്കിയിട്ടും ഒരിക്കലും ക്ഷീണിച്ചില്ല, ഇതിലൂടെ തന്നെയാണ് ഭഗവാനെ ലഭിക്കുക എന്ന് മനസ്സിലാക്കുന്നു. എന്നാൽ ഇപ്പോൾ സ്വയം ഭഗവാൻ തന്നെ വന്ന് പറയുന്നു - നിങ്ങൾ ജന്മ-ജന്മാന്തരങ്ങൾ ഏതെല്ലാം ശാസ്ത്രങ്ങൾ പഠിച്ചുവോ, ഇതിലൂടെയൊന്നും തന്നെ എന്നെ പ്രാപിക്കുകയില്ല. വളരെയധികം പുസ്തകങ്ങളുണ്ട്. ക്രിസ്ത്യാനികളും എത്രയാണ് പഠിക്കുന്നത്. അനേക ഭാഷകളിൽ വളരെയധികം കാര്യങ്ങൾ എഴുതുന്നുണ്ട്. മനുഷ്യർ അതെല്ലാം തന്നെ പഠിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ ബാബ പറയുന്നു, എന്തെല്ലാമാണോ പഠിച്ചത്, അതെല്ലാം തന്നെ മറക്കണം, അഥവാ ബുദ്ധിയിൽ നിന്നും എടുത്തു കളയൂ. വളരെയധികം പുസ്തകങ്ങൾ പഠിച്ചു കഴിഞ്ഞു. പുസ്തകങ്ങളിലുമുണ്ട് ഇന്നയാളാണ് ഭഗവാൻ, ഇതാണ് അവതാരങ്ങളെന്നെല്ലാം.... ഇപ്പോൾ ബാബ പറയുന്നു, ഞാൻ സ്വയം വന്നിരിക്കുകയാണ്, ആരെല്ലാമാണോ എന്റേതാകുന്നത്, അവരോടു ഞാൻ പറയുന്നു, ഇതിനെയെല്ലാം തന്നെ മറക്കണം. മുഴുവൻ ലോകത്തിലുള്ളവരിലും നിങ്ങളുടെ ബുദ്ധിയിലും ഇല്ലാത്തതായ കാര്യങ്ങൾ ഞാൻ നിങ്ങൾക്ക് കേൾപ്പിക്കുന്നു. ബാബ മനസ്സിലാക്കിത്തരുന്ന കാര്യങ്ങളൊന്നും തന്നെ ഏതൊരു ശാസ്ത്രങ്ങളിലുമില്ലെന്നുള്ളത് ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു. ബാബ വളരെ മനോഹരവും ഗഹനവുമായ കാര്യങ്ങളാണ് മനസ്സിലാക്കിത്തരുന്നത്. ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യവും രചയിതാവിന്റെയും രചനയുടെയും മുഴുവൻ ജ്ഞാനവുമാണ് കേൾപ്പിക്കുന്നത്, എന്നിട്ടും പറയുന്നു കൂടുതലൊന്നുമില്ലെങ്കിലും രണ്ടു വാക്കുകളെങ്കിലും ഓർമ്മിക്കൂ, മന്മനാഭവ, മദ്ധ്യാജീഭവ. ഈ വാക്കുകൾ ഭക്തിമാർഗ്ഗത്തിലെ ഗീതയുടെതാണ്. എന്നാൽ ബാബ ഇതിന്റെ അർത്ഥം നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നു. ഭഗവാനാണ് സഹജമായ രാജയോഗം പഠിപ്പിച്ചത്, കേവലം എന്നെ മാത്രം ഓർമ്മിക്കൂ എന്നാണ് പറയുന്നത്. ഭക്തിമാർഗ്ഗത്തിലും ധാരാളം എന്നെ ഓർമ്മിച്ചു വന്നു. ദു:ഖത്തിലെല്ലാവരും എന്നെ സ്മരിക്കുന്നു...... എന്ന മഹിമയുണ്ട് എന്നിട്ടും ആരും ഒന്നും മനസ്സിലാക്കുന്നില്ല. തീർച്ചയായും സത്യ-ത്രേതായുഗത്തിൽ സുഖത്തിന്റെ

ലോകമായതിനാൽ ഓർമ്മിക്കേണ്ടതെന്തിന്. ഇപ്പോൾ മായയുടെ രാജ്യത്തിലാണ് ദു:ഖമുള്ളത്, അപ്പോഴാണ് എല്ലാവർക്കും ബാബയെ ഓർമ്മിക്കേണ്ടതായി വരുന്നത്. സത്യയുഗത്തിലുള്ള അളവറ്റ സുഖത്തെക്കുറിച്ചും ഓർമ്മ വരുന്നു. ആരെല്ലാമാണോ ഈ സംഗമയുഗത്തിൽ ബാബയിൽ നിന്നും സഹജ രാജയോഗവും ജ്ഞാനവും പഠിച്ചിരുന്നത്, അവരായിരുന്നു ആ സുഖത്തിന്റെ ലോകത്തിൽ വസിച്ചിരുന്നത്. കുട്ടികളിലും നോക്കൂ, എത്ര പഠിപ്പില്ലാത്തവരാണ്. പഠിപ്പില്ലാത്തവരാണെങ്കിൽ വളരെ നല്ലതാണ്, കാരണം അവരുടെ ബുദ്ധി എങ്ങോട്ടും പോകില്ലല്ലോ. ഇവിടെ കേവലം മിണ്ടാതിരിക്കണം. വായിലൂടെ ഒന്നും തന്നെ പറയേണ്ടതായ ആവശ്യമില്ല. കേവലം ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വികർമ്മം നശിക്കുന്നു. പിന്നീട് തിരികെ കൊണ്ടുപോകുന്നു. ഈ കാര്യങ്ങളെല്ലാം തന്നെ ഗീതയിൽ കുറച്ചുണ്ട്. പ്രാചീന ഭാരതത്തിലെ ധർമ്മശാസ്ത്രമാണ് ഗീത. ഈ ഭാരതം ആദ്യം പുതിയതായിരുന്നു, ഇപ്പോൾ പഴയതായി. ധർമ്മശാസ്ത്രം ഒന്നല്ലേ ഉണ്ടാകുക. ക്രിസ്ത്യൻ ധർമ്മം സ്ഥാപിച്ച മുതൽക്കുള്ള അവരുടെ ധർമ്മശാസ്ത്രം ബൈബിളാണ്. ക്രിസ്തുവിനും ധാരാളം മഹിമയുണ്ട്. ശാന്തി അവരാണ് സ്ഥാപിച്ചതെന്ന് പറയുന്നു. ക്രിസ്തു ക്രിസ്ത്യൻ ധർമ്മമാണ് സ്ഥാപിച്ചത്, അതിൽ ശാന്തിയുടെ കാര്യം തന്നെയില്ല. നമ്മൾ അവനവന്റെ മഹത്വത്തെക്കുറിച്ച് അറിയാത്തതിനാൽ വരുന്നവരുടെ മഹിമ പാടിക്കൊണ്ടിരുന്നു. ബുദ്ധമതത്തിലുള്ളവരും ക്രിസ്തു മതത്തിലുള്ളവരും അവരുടെ ധർമ്മത്തിന്റെ മഹിമ വിട്ട് മറ്റുള്ളവരുടെ മഹിമ പാടിക്കൊണ്ടിരിക്കുന്നവരല്ല. ഭാരതവാസികൾക്ക് തന്റേതായ ധർമ്മമില്ല. ഇതും ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. എപ്പോഴാണോ തീർത്തും നാസ്തികരാകുന്നത് അപ്പോഴാണ് പിന്നെ ബാബ വരുന്നത്.

ബാബ മനസ്സിലാക്കിത്തരുന്നു, കുട്ടികളേ, സ്കൂളുകളിൽ പഠിപ്പിക്കുന്ന പുസ്തകങ്ങളിൽ പിന്നെയും എന്തെങ്കിലുമൊക്കെ ലക്ഷ്യമുണ്ട്. അതിലൂടെ പ്രയോജനമുണ്ട്, സമ്പാദ്യമുണ്ടാകുന്നുണ്ട്. പദവി ലഭിക്കുന്നുണ്ടല്ലോ. ബാക്കി ശാസ്ത്രങ്ങളെല്ലാം പഠിക്കുന്നത്, വെറും അന്ധവിശ്വാസം മാത്രമാണ്. പഠിപ്പിനെ ഒരിക്കലും അന്ധവിശ്വാസമെന്നു പറയില്ല. അന്ധവിശ്വാസത്തോടെയല്ല പഠിക്കുന്നത്. പഠിപ്പിലൂടെയാണ് വക്കീലും എഞ്ചിനിയറുമായിത്തീരുന്നത്. അതിനെ എങ്ങനെ അന്ധവിശ്വാസമെന്നു പറയും? അതുപോലെ ഇതും പാഠശാലയാണ്. ഇതിനെ ഒരിക്കലും സത്സംഗമെന്നു പറയില്ല. ഈശ്വരീയ വിശ്വവിദ്യാലയമെന്നാണ് എഴുതുന്നത്. അപ്പോൾ തീർച്ചയായും മനസ്സിലാക്കണം ഈശ്വരന്റെ ഏറ്റവും ഉയർന്ന വിദ്യാലയമാണ്. അതും മുഴുവൻ വിശ്വത്തിനായി. എല്ലാവർക്കും ഈയൊരു സന്ദേശമെത്തിക്കണം, ദേഹസഹിതം സർവ്വധർമ്മങ്ങളും ത്യജിച്ച് തന്റെ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ. പിന്നീട് തന്റെ അച്ഛനെയും ഓർമ്മിക്കുകയാണെങ്കിൽ അന്തിമമനം പോലെ ഗതിയായിത്തീരും. തന്റെ ചാർട്ട് എഴുതണം, എത്ര സമയം ഞാൻ യോഗത്തിലിരിക്കുന്നുണ്ട്, എല്ലാവരും തുടർച്ചയായി ചാർട്ട് എഴുതുന്നില്ല, ചിലർ ക്ഷീണിക്കുന്നു. വാസ്തവത്തിൽ എന്താണ് ചെയ്യേണ്ടത്? ദിവസേന തന്റെ മുഖം കണ്ണാടിയിൽ നോക്കണം, അപ്പോൾ അറിയുവാൻ സാധിക്കുന്നു, ഞാൻ ലക്ഷ്മിയെയാണോ അതോ സീതയെ വരിക്കാനാണോ യോഗ്യൻ, അതോ പ്രജയിലേക്ക് പോകുമോ? പുരുഷാർത്ഥത്തെ തീവ്രമാക്കാനാണ് ചാർട്ട് എഴുതുവാൻ പറയുന്നത്. നമ്മൾ എത്രത്തോളം ശിവബാബയെ ഓർമ്മിച്ചു എന്നുള്ളതും അറിയാൻ സാധിക്കും. ചാർട്ടിലൂടെ മുഴുവൻ ദിനചര്യയും മുന്നിലേക്ക് വരുന്നു. ചെറുപ്പം മുതൽക്കുള്ള മുഴുവൻ ജീവിതവും ഓർമ്മ വരുന്നതുപോലെ. അപ്പോൾ എന്താ ഒരു ദിവസത്തെ കാര്യങ്ങൾ നിങ്ങൾക്ക് ഓർമ്മിക്കുവാൻ സാധിക്കില്ലേ. നമ്മൾ ബാബയെയും ചക്രത്തെയും എത്ര സമയം ഓർമ്മിക്കുന്നുണ്ടെന്നുള്ളത് നോക്കണം. ഇങ്ങനെ അഭ്യസിക്കുന്നതിലൂടെ നമ്മൾ രുദ്ര മാലയിൽ കോർക്കപ്പെടുന്നതിനായി പെട്ടെന്ന് ഓടി എത്തിച്ചേരും. ഇതാണ് യോഗത്തിന്റെ യാത്ര, ഇതിനെക്കുറിച്ച് ആർക്കും തന്നെ അറിയില്ല, പിന്നെങ്ങനെ പഠിപ്പിക്കുവാൻ സാധിക്കും? ഇപ്പോൾ നിങ്ങൾക്കറിയാം നമുക്ക് ബാബയുടെ പക്കലേക്ക് തിരികെ പോകണം. രാജപദവിയാണ് ബാബയുടെ സമ്പത്ത്, അതിനാലാണ് ഇതിന് രാജയോഗം എന്ന പേരുള്ളത്.

നിങ്ങളെല്ലാവരും രാജഋഷികളാണ്. മറ്റുള്ളവർ ഹഠയോഗഋഷികളാണ്. എന്നാൽ അവരും പവിത്രമായി ജീവിക്കുന്നുണ്ട്. രാജധാനിയിൽ രാജാവും റാണിയും പ്രജകളും എല്ലാം ആവശ്യമാണ്. സന്യാസിമാരിൽ രാജാ-റാണിയൊന്നുമില്ലല്ലോ. അവരുടെത് പരിധിയുള്ള വൈരാഗ്യമാണ്, നിങ്ങളുടെത് പരിധിയില്ലാത്ത വൈരാഗ്യവും. അവർ വീടും കുടുംബവുമെല്ലാം ഉപേക്ഷിച്ച് ഈ വികാരി ലോകത്തിൽ തന്നെയാണ് ജീവിക്കുന്നത്. നിങ്ങൾക്കു വേണ്ടി ഈ ലോകത്തിനു ശേഷം പിന്നീട് സ്വർഗ്ഗമാകുന്ന ദൈവീക പൂന്തോട്ടം സ്ഥാപിക്കപ്പെടുന്നു. അപ്പോൾ നിങ്ങൾക്കും അതല്ലേ ഓർമ്മ വരേണ്ടത്. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം തന്നെ നിങ്ങൾ ബുദ്ധിയിൽ വെക്കണം. വളരെയധികം പേർക്ക് ചാർട്ട് എഴുതാൻ തന്നെ സാധിക്കുന്നില്ല. മുന്നോട്ടു പോകവേ ക്ഷീണിച്ചു പോകുന്നു. ബാബ പറയുന്നു, കുട്ടികളേ തന്റെ പക്കൽ നോട്ട് വെക്കൂ. ഞാൻ എത്ര സമയം ഏറ്റവും പ്രിയപ്പെട്ട ബാബയെ ഓർമ്മിക്കുന്നുണ്ട്? ഈ ബാബയുടെ ഓർമ്മയിലൂടെയാണ് നിങ്ങൾക്ക് സമ്പത്ത് നേടേണ്ടത്. രാജ്യ പദവിയുടെ സമ്പത്ത് നേടണമെങ്കിൽ തീർച്ചയായും പ്രജ

കളെയും ഉണ്ടാക്കണം. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണെങ്കിൽ അവരിൽ നിന്നും തീർച്ചയായും സ്വർഗ്ഗത്തിലെ സമ്പത്ത് ലഭിക്കണമല്ലോ. വളരെയധികം പേർക്കും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുന്നുണ്ട്. ബാക്കിയുള്ളവർക്ക് ശാന്തിയുടെ സമ്പത്തും. ബാബ എല്ലാവരോടുമായി പറയുന്നു, കുട്ടികളേ ദേഹസഹിതം ദേഹത്തിന്റെ സർവ്വധർമ്മങ്ങളെയും മറക്കൂ. നിങ്ങൾ അശരീരിയായിരുന്നു, ഇപ്പോൾ 84 ജന്മങ്ങളെടുത്തു, വീണ്ടും അശരീരിയായിത്തീരൂ. ക്രിസ്ത്യാനികളോടും പറയണം നിങ്ങൾ ക്രിസ്തുവിന്റെ പിറകെ വന്നവരാണ്. നിങ്ങളും ശരീരം കൂടാതെയാണ് വന്നത്, ഇവിടെക്ക് വന്ന് ശരീരമെടുത്ത് പാർട്ട് അഭിനയിച്ചു, ഇപ്പോൾ നിങ്ങളുടെ പാർട്ടും പൂർത്തിയായി. കലിയുഗത്തിന്റെ അന്ത്യമായി. ഇപ്പോൾ നിങ്ങൾ ബാബയെ ഓർമ്മിക്കൂ, മുക്തിധാമത്തിലേക്ക് പോകേണ്ടവർ കേട്ടാൽ അവർ വളരെയധികം സന്തോഷിക്കും, കാരണം അവർ ആഗ്രഹിക്കുന്നതു തന്നെ മുക്തിയാണ്. ജീവിതമുക്തിയിലേക്ക് (സുഖത്തിലേക്ക്) പോയാൽ വീണ്ടും ദു:ഖമനുഭവിക്കേണ്ടി വരും, മുക്തി തന്നെയാണ് അതിനേക്കാളും നല്ലതെന്ന് അവർ കരുതുന്നു. ജീവിതമുക്തിയിലേക്ക് പോകുന്നവർക്ക് വളരെയധികം സമയം സുഖമാണുള്ളതെന്ന് അവർ മനസ്സിലാക്കുന്നില്ല. നമ്മൾ ആത്മാക്കൾ പരംധാമത്തിൽ ബാബയോടൊപ്പം വസിക്കുന്നവരാണ്. എന്നാൽ എല്ലാവരും പരംധാമത്തെക്കുറിച്ച് ഇപ്പോൾ മറന്നു പോയിരിക്കുന്നു. ഭഗവാനാണ് എല്ലാ സന്ദേശ വാഹകരെയും അയക്കുന്നതെന്ന് പറയുന്നു. വാസ്തവത്തിൽ ഞാൻ ആരെയും അയക്കുന്നില്ല. ഇതെല്ലാം തന്നെ ഡ്രാമയിൽ അടങ്ങിയിട്ടുള്ളതാണ്. നമുക്ക് മുഴുവൻ നാടകത്തെക്കുറിച്ചും അറിഞ്ഞു കഴിഞ്ഞു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ബാബയുടെയും ചക്രത്തിന്റെയും ഓർമ്മയുണ്ട്, അതിനാൽ നിങ്ങൾ തീർച്ചയായും ചക്രവർത്തി മഹാരാജാവായിത്തീരുന്നു. മനുഷ്യർ ഇവിടെ ധാരാളം ദു:ഖമുണ്ടെന്നു മനസ്സിലാക്കുന്നതുകൊണ്ടാണ് മുക്തി ആഗ്രഹിക്കുന്നത്. ഗതി, സദ്ഗതി എന്ന രണ്ട് വാക്കുകളെ കുറിച്ച് പറയാറുണ്ട്. എന്നാൽ ആർക്കും ഇതിന്റെ അർത്ഥത്തെക്കുറിച്ച് അറിയുന്നില്ല. എല്ലാവരുടെയും സദ്ഗതിദാതാവ് ഒരേയൊരു ബാബയാണെന്ന് നിങ്ങൾക്കറിയാം. ബാക്കി എല്ലാവരും പതിതർ തന്നെയാണ്. മുഴുവൻ ലോകവും പതിതം തന്നെയാണ്. ഇങ്ങനെയുള്ള ചില വാക്കുകൾ കേൾക്കുമ്പോൾ പലരും ദേഷ്യപ്പെടാറുണ്ട്. ബാബ പറയുന്നു, ഈ ശരീരത്തെ തന്നെ മറക്കണം. നിങ്ങളെ അശരീരിയായാണ് പറഞ്ഞയച്ചത്. ഇപ്പോഴും അശരീരിയായി എന്നോടൊപ്പം തിരികെ പോകണം. ഇതിനെയാണ് പഠിപ്പെന്നു പറയുന്നത്. ഈ പഠിപ്പിലൂടെയാണ് സദ്ഗതിയുണ്ടാകുന്നത്. യോഗത്തിലൂടെയാണ് നിങ്ങൾ സദാ ആരോഗ്യശാലിയാകുന്നത്. നിങ്ങൾ സത്യയുഗത്തിൽ വളരെ സുഖികളായിരുന്നു. ഏതൊരു വസ്തുവിന്റെയും കുറവില്ല. ദു:ഖം നൽകുന്ന വികാരവുമില്ല. മോഹാജീത്ത് രാജാവിന്റെ കഥ കേട്ടിരിക്കുമല്ലോ. ബാബ പറയുന്നു ഞാൻ നിങ്ങളെ ഇപ്പോൾ പഠിപ്പിക്കുന്ന കർമ്മത്തിലൂടെ, പിന്നീട് ഒരിക്കലും കർമ്മം നിങ്ങളെ ചതിക്കില്ല. വളരെയധികം തണുപ്പും അവിടെയുണ്ടാകില്ല. ഇപ്പോൾ ഈ പഞ്ചതത്വങ്ങളും തമോപ്രധാനമാണ്. ഇടയ്ക്ക് ഒരുപാട് ചൂട്, ഇടയ്ക്ക് ഒരുപാട് തണുപ്പ്. സത്യയുഗത്തിൽ അങ്ങനെയുള്ള വിപത്തുകളൊന്നും തന്നെയുണ്ടാകില്ല. സദാ വസന്തകാലമാണ്, പ്രകൃതി സതോപ്രധാനമാണ്. ഇപ്പോഴത്തെ പ്രകൃതി തമോപ്രധാനമായതിനാൽ നല്ല മനുഷ്യർ എങ്ങനെയുണ്ടാകും? ഇവിടെ ഭാരതത്തിലെ ഉയർന്ന അധികാരികളെല്ലാം തന്നെ സന്യാസിമാരുടെ പിറകിലാണ്. അവരുടെ പക്കലേക്ക് കുട്ടികൾ പോകുമ്പോൾ, പറയും ഞങ്ങൾക്ക് സമയമില്ല. അവരുടെ ഭാഗ്യത്തിൽ സ്വർഗ്ഗീയ സുഖമില്ലെന്ന് ഇതിലൂടെ മനസ്സിലാക്കുവാൻ സാധിക്കും. അവർ ബ്രാഹ്മണകുലത്തിന്റെ അംഗമല്ല. ഭഗവാൻ എങ്ങനെ എപ്പോൾ ഇവിടേക്ക് വരുന്നു എന്ന് ഇവർക്ക് അറിയുക പോലുമില്ല. ശിവജയന്തി ആഘോഷിക്കുന്നുണ്ടെങ്കിലും എല്ലാവരും ശിവനെ ഭഗവാനെന്ന് അംഗീകരിക്കുന്നില്ല. അഥവാ ശിവനെ പരമപിതാ പരമാത്മാവെന്നു മനസ്സിലാക്കുന്നു എങ്കിൽ അന്നത്തെ ദിവസം ഒഴിവുദിനം പ്രഖ്യാപിക്കുമായിരുന്നു. ബാബ പറയുന്നു, എന്റെ ജന്മവും ഭാരതത്തിൽ തന്നെയാണുണ്ടാകുന്നത്. എന്റെ ക്ഷേത്രങ്ങളും ഇവിടെത്തന്നെയാണ്. തീർച്ചയായും ഇവിടെത്തന്നെ ഏതെങ്കിലും ശരീരത്തിലേക്ക് പ്രവേശിച്ചിട്ടുണ്ടാകും. ദക്ഷപ്രജാപിതാവ് യജ്ഞം രചിച്ചു എന്ന് കാണിക്കുന്നുണ്ട്. എന്താ അതിൽ ബാബയും വന്നിട്ടുണ്ടാകുമോ? എന്നാൽ അങ്ങനെയും പറയുന്നില്ല. കൃഷ്ണൻ സത്യയുഗത്തിലാണുണ്ടാകുക. ബാബ സ്വയം പറയുന്നു, എനിക്ക് ബ്രഹ്മാമുഖത്തിലൂടെ ബ്രാഹ്മണവംശാവലിയെ രചിക്കണം. മറ്റുള്ളവർക്ക് നിങ്ങൾക്കിതും മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കും. എന്നെ മാത്രം ഓർമ്മിക്കൂ എന്ന് ബാബ എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത്. എന്നാൽ മായ ഇത്രയും ബലവാനാണ്, നിങ്ങളെ ഓർമ്മിക്കാൻ തന്നെ അനുവദിക്കില്ല. അരക്കല്പത്തെ ശത്രുവാണ്. ഈ ശത്രുവിനുമേൽ വിജയം പ്രാപിക്കണം. ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ തണുപ്പത്ത് പോയി സ്നാനം ചെയ്യാറുണ്ട്. എത്രയാണ് ബുദ്ധിമുട്ട് സഹിക്കുന്നത്, ദു:ഖം സഹിക്കുന്നത്. ഇവിടെ ഇതൊരു പാഠശാലയാണ്, ഇവിടെ പഠിക്കുകയാണ് വേണ്ടത്, ഇവിടെ ബുദ്ധിമുട്ടേണ്ടതായ യാതൊരു ആവശ്യവുമില്ല. പാഠശാലയിൽ അന്ധവിശ്വാസത്തിന്റെ കാര്യം തന്നെയില്ല. മനുഷ്യർ അന്ധവിശ്വാസത്തിൽ കുടുങ്ങിക്കിടക്കുകയാണ്. എത്ര ഗുരുക്കന്മാരെയാണ് സമീപിക്കുന്നത്. എന്നാൽ ഒരു മനുഷ്യന് ഒരിക്കലും മറ്റൊരു മനുഷ്യന്റെയും സദ്ഗതി ചെയ്യുവാൻ സാധിക്കില്ല. മനുഷ്യന്മാരെ ഗുരുക്കന്മാരാക്കി മാറ്റുന്നതിനെ അന്ധവിശ്വാസമെന്നല്ലേ പറയൂ. ഇന്നത്തെക്കാലത്ത് ചെറിയ കുട്ടികളെ പോലും

ഗുരുക്കന്മാരുടെ പക്കലേക്ക് കൊണ്ടു പോകുന്നു. അല്ലെങ്കിൽ വാനപ്രസ്ഥത്തിൽ ഗുരുവിനെ സമീപിക്കണമെന്നാണ് നിയമം. ശരി.

മധുരമധുരമായ വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണക്കുള്ള മുഖ്യമായ സാരം -

1. തീവ്രപുരുഷാർഥത്തിനായി തീർച്ചയായും ഓർമ്മയുടെ ചാർട്ട് വെക്കണം. ദിവസേന കണ്ണാടിയിൽ തന്റെ മുഖത്തെ നോക്കണം. ഞാൻ ഏറ്റവും പ്രിയപ്പെട്ട അച്ഛനെ എത്ര സമയം ഓർമ്മിക്കുന്നുണ്ടെന്നു പരിശോധിക്കണം.

2. എന്തെല്ലാം പഠിച്ചുവോ അതെല്ലാം മറന്ന് മിണ്ടാതിരിക്കണം, വായിലൂടെ ഒന്നും തന്നെ പറയേണ്ടതില്ല. ബാബയുടെ ഓർമ്മയിലൂടെ വികർമ്മത്തെ നശിപ്പിക്കണം.

## വരദാനം - ഓരോ കാര്യത്തിലും വായിലൂടെ അഥവാ മനസാ ബാബാ ബാബാ പറഞ്ഞ് ഞാൻ എന്ന ഭാവത്തെ സമാപ്തമാക്കുന്ന സഫലതാമൂർത്തിയായി ഭവിക്കട്ടെ

താങ്കൾ അനേകാത്മാക്കളുടെ ഉണർവുത്സാഹം വർധിപ്പിക്കാൻ നിമിത്തമായ കുട്ടികൾ ഒരിക്കലും ഞാൻ എന്ന ഭാവത്തിൽ വരരുത്. ഞാൻ ചെയ്തു- അല്ല. ബാബ നിമിത്തമാക്കി. ഞാൻ എന്നതിനു പകരം എന്റെ ബാബ, ഞാൻ ചെയ്തു, ഞാൻ പറഞ്ഞു -ഇതല്ല. ബാബ ചെയ്യിച്ചു, ബാബ ചെയ്തു എങ്കിൽ സഫലതാ മൂർത്തിയായിത്തീരും. എത്രത്തോളം താങ്കളുടെ വായിലൂടെ ബാബാ ബാബാ വരുന്നുവോ അത്രയും അനേകരെ ബാബയുടേതാക്കാൻ കഴിയും. എല്ലാവരുടെ വായിലൂടെയും ഇതു വരട്ടെ ഇവരുടെ വാക്കിലും നോക്കിലും ബാബ തന്നെ ബാബയാണ്.

## സ്ലോഗൻ -സംഗമയുഗത്തിൽ തന്റെ ശരീരം, മനസ്, ധനത്തെ സഫലമാക്കുകയും സർവ ഖജനാക്കളെ വർധിപ്പിക്കുകയും തന്നെയാണ് വിവേകം.